ഇഹ്സാൻ

# ഇസ്‌ലാമും ഭീകരതയും രാഷ്ട്രീയക്കാരന്റെ റിപ്പോർട്ട്

**കോൺഗ്രസ്** നേതാവ് വീരപ്പമൊയ്‌ലി അധ്യക്ഷനായ കമ്മിറ്റി കഴിഞ്ഞ വർഷം ജൂണിൽ സമർപ്പിച്ച രണ്ടാം ഭരണപരിഷ്കരണ കമീഷൻ റിപ്പോർട്ട് കുഴിമാടത്തിൽനിന്നും ഉയർത്തെണീറ്റുവന്ന് മുസ്‌ലിം സമൂഹത്തിന്റെ ഉറക്കംകെടുത്താൻ തുടങ്ങിയിരിക്കുന്നു. പുറത്തിറങ്ങിയ കാലത്ത് സംഘ്പരിവാർ അനുകൂലികളായ ദേശീയമാധ്യമങ്ങളുടെ ശ്രദ്ധയിൽ പോലും ഈ റിപ്പോർട്ടിന്റെ മറുവശം പതിഞ്ഞിരുന്നില്ല. ഭീകരതയെ കുറിച്ച നീരീക്ഷണങ്ങളുടെ കൂട്ടത്തിൽ ദാറുൽ ഉലൂം ദയൂബന്തിനെ അനവസരത്തിൽ വലിച്ചിഴക്കുന്ന ഇതിലെ ചില പരാമർശങ്ങൾ ആയുധമാക്കി ബി.ജെ.പിയാണ് ഒടുവിൽ രംഗത്തിറങ്ങുന്നത്. റിപ്പോർട്ട് ശരിയാണെങ്കിൽ ദയൂബന്തിലെ മതപാഠശാല അടച്ചുപൂട്ടുകയോ അത് തെറ്റാണെങ്കിൽ അവിടെയുള്ളവരോട് കേന്ദ്രസർക്കാർ മാപ്പുപറയുകയോ വേണമെന്നാണ് പാർട്ടി ജനറൽ സെക്രട്ടറി വിനയ് കത്യാറുടെ ആവശ്യം. ഇന്ത്യയിലെ ഭീകരാക്രമണങ്ങൾക്ക് ചില മതകീയ പശ്ചാത്തലങ്ങൾ കാണാനാവുമെന്നും ജമ്മു-കശ്മീരിൽ നടക്കുന്നുവെന്ന് പ്രചരിപ്പിക്കപ്പെടുന്ന ജിഹാദുമായി ഇതിന് ബന്ധമുണ്ടെന്നുമാണ് മൊയ്‌ലി കമ്മിറ്റിയുടെ നിരീക്ഷണം. നേർക്കുനേരെയല്ലെങ്കിലും, മതകീയ പശ്ചാത്തലത്തിന്റെ വിശദാംശങ്ങളെ ഇസ്‌ലാം മതവുമായാണ് റിപ്പോർട്ട് ബന്ധപ്പെടുത്തുന്നത്. തന്റെ ഹർക്കത്തുൽ മുജാഹിദീൻ എന്ന സംഘടനയുടെ സംസ്ഥാപനവുമായി ബന്ധപ്പെട്ട് ദയൂബന്തിലെ പല പ്രമുഖ പണ്ഡിതരെയും മൗലാനാ മസൂദ് അസ്ഹർ 1994ൽ പതിവായി സന്ദർശിച്ചിരുന്നു എന്നതാണ് ഒട്ടും സുഖകരമല്ലാത്ത രീതിയിൽ പ്രത്യക്ഷപ്പെടുന്ന വിവാദ പരാമർശം.

ഭീകരതയെ രാഷ്ട്രീയവത്കരിക്കുന്ന അന്താരാഷ്ട്ര ഭരണതന്ത്രങ്ങൾക്ക് ഒരു മുഖവുര എന്നതൊഴിച്ചാൽ ഇന്ത്യൻ ഭീകരതയുമായി ബന്ധപ്പെട്ട നമ്മുടെ അറിവുകളെയും സംശയങ്ങളെയും ഒരു നിലക്കും ഈ റിപ്പോർട്ട് പുഷ്ടിപ്പെടുത്തുന്നില്ല. മുസ്‌ലിംകൾ ഇരകളായ ഭീകരാക്രമണങ്ങളെ കുറിച്ച് ഒരു വിശകലനവും മൊയ്‌ലി നടത്തിയിട്ടില്ല. എന്നു മാത്രമല്ല അവയിൽ പലതും അദ്ദേഹം പരാമർശിക്കാതെ വിട്ടുകളയുകയും ചെയ്യുന്നുണ്ട്. കേണൽ പുരോഹിത് പിടിയിലായ മാലേഗാവ് സ്ഫോടനം ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി മാസങ്ങൾക്കു ശേഷമാണ് നടക്കുന്നത്. അതുകൊണ്ടുതന്നെ കർക്കരെയുടെ അന്വേഷണം അന്ന് ആരംഭിച്ചിരുന്നുമില്ല. സ്ഫോടനങ്ങൾക്കു പിന്നിലെ ഹിന്ദുത്വ പങ്കിനെ കുറിച്ച തെളിവുകൾ ഇന്ത്യക്കാരന് ഈ കാലയളവിൽ അറിയാമായിരുന്നില്ല എന്ന വസ്തുത അംഗീകരിച്ചു കൊണ്ടാണ് മൊയ്‌ലി റിപ്പോർട്ടിനെ വിലയിരുത്തേണ്ടതും. അതേസമയം ഇന്ത്യയിലെ പ്രധാന ഭീകരാക്രമണങ്ങളുടെ കൂട്ടത്തിൽ മക്കാ മസ്ജിദ്, മാലേഗാവ്, അജ്മീർ മുതലായ സ്ഫോടനങ്ങൾ ഈ റിപ്പോർട്ട് പരാമർശിക്കുന്നതു തന്നെ കാണാനാവില്ല. നാന്ദേഡ് സംഭവങ്ങളും റിപ്പോർട്ടിൽ ഇല്ല. എന്നാൽ പാർലമെന്റ് ആക്രമണം പരാമർശിച്ചിട്ടുമുണ്ട്! വിട്ടുകളഞ്ഞ കേസുകളെ കുറിച്ച യാഥാർഥ്യം ഭരണകൂടത്തിന് നേരത്തെ അറിയാമായിരുന്നു എന്ന ദുസ്സൂചനയിലേക്കാണ് ഈ തമസ്കരണം നമ്മെ നയിക്കുന്നത്. അറിഞ്ഞിട്ടും ഈ ദിശയിൽ അന്വേഷണം നടത്താനുള്ള രാഷ്ട്രീയ ഇഛാശക്തി കേന്ദ്രസർക്കാറിനും കോൺഗ്രസിനും അന്ന് ഉണ്ടായിരുന്നില്ലെന്നും വിശ്വസിക്കേണ്ടി വരുന്നു.

ദാറുൽ ഉലൂം ദയൂബന്ത് ജിഹാദീ ഭീകരത വളർത്തുന്ന സ്ഥാപനമല്ല എന്ന് വളരെ വ്യക്തമായി പറയുന്നുണ്ടെങ്കിലും രാഷ്ട്രീയക്കാരുടെ പതിവ് ശൈലിയിൽ തല്ലുകയും തലോടുകയും ചെയ്യുന്ന സമീപനമാണ് റിപ്പോർട്ടിലേത്. 'ഉപഭൂഖണ്ഡത്തിലെ അറിയപ്പെടുന്ന മതപാഠശാല എന്ന നിലയിൽ പാകിസ്താൻ, അഫ്ഗാനിസ്താൻ എന്നിവിടങ്ങളിൽ നിന്നുള്ളവരടക്കം നിരവധി ലോകരാജ്യങ്ങളിലെ വിദ്യാർഥികൾ ദയൂബന്തിൽ പഠിക്കുന്നുണ്ടെന്നും ഇവരിൽ പലരും അവരുടെ ഭാഷയിൽ വിശേഷിപ്പിക്കപ്പെടുന്ന ജിഹാദീ പോരാട്ടങ്ങളുടെ മുൻനിരയിൽ പ്രത്യക്ഷപ്പെട്ടിട്ടുമുണ്ടാവാമെന്നും' റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 'ഇവരെ പ്രചോദിപ്പിക്കുന്നത് ദയൂബന്ത് എന്ന മതപാഠശാലയല്ല, മറിച്ച് സ്വന്തം രാജ്യങ്ങളിലെ രാഷ്ട്രീയ, ഭൂമിശാസ്ത്രപരമായ കാരണങ്ങളാണ്. സ്ഥാപനങ്ങളിലെ മുഴുവൻ വിദ്യാർഥികളും അങ്ങനെയല്ലെന്നും ജിഹാദ് ഇവിടെ പഠനവിഷയമല്ലെന്നും, പുറത്തുനിന്നുള്ള ആർക്കും എപ്പോഴും കടന്നുവന്ന് സ്വയം ബോധ്യപ്പെടാനാവുന്ന വിധം സുതാര്യമാണ് ദാറുൽ ഉലൂമിന്റെ പ്രവർത്തനരീതിയെന്നു'മാണ് മൊയ്‌ലി കമ്മിറ്റിയുടെ വിലയിരുത്തൽ. ഇത്രയൊക്കെ ഉദാരമായി വിഷയത്തെ സമീപിച്ചതിനു ശേഷവും സ്ഥാപനവുമായി ബന്ധമുള്ളവരുടെ കൂട്ടത്തിൽ മസൂദ് അസ്ഹറിനെ എടുത്തു പറയുകയും ചെയ്യുന്നു! പതിറ്റാണ്ടുകളായി ഒപ്പം നിന്ന പാരമ്പര്യമുണ്ടായിട്ടും തികച്ചും അനാവശ്യവും അനവസരത്തിലുള്ളതുമായ ഒരു വിവാദത്തിലേക്കാണ് കോൺഗ്രസ് ദയൂബന്തിനെ തള്ളിയിട്ടത്.

ഇത് ആയുധമാക്കുന്ന ബി.ജെ.പിയുടേതാകട്ടെ അസഹനീയമായ കാപട്യമായാണ് മാറുന്നത്. അവരുടെ കാലത്ത് ഇന്ത്യയിലെ പതിവു സന്ദർശകനായിരുന്ന, വി.എച്ച്.പിയുടെ പോലും നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയ മൗലാനാ ഫസ്‌ലുർറഹ്മാൻ ഒരു കാലത്ത് പാകിസ്താനിലെ മിക്ക ഭീകരസംഘടനകളുടെയും തലതൊട്ടപ്പനായിരുന്നു. ദയൂബന്തിലെ പണ്ഡിതരുമായി ബന്ധപ്പെട്ടുവെന്ന് ആരോപിക്കുന്ന ഈ കാലത്തിന് ശേഷമാണ് മസൂദ് അസ്ഹറിനെ ജയിലിൽ നിന്നും ബി.ജെ.പി ഭരണകൂടം കാന്തഹാറിലേക്ക് തുറന്നുവിട്ടതെന്നുമോർക്കുക.

ഭീകരതയെ കുറിച്ച ആരുടെയോ 'അറിവു'കളെ സത്യപ്പെടുത്തുക എന്നതല്ലാതെ ഇന്ത്യ സ്വന്തമായി ഒരു അറിവും നേടുന്നില്ല എന്നതാണ് ഇത്തരം റിപ്പോർട്ടുകളുടെ പൊതു ദയനീയത. ഇസ്‌ലാമിന് ഭീകരതയുമായി ബന്ധമില്ലെന്ന മുഖവുരയോടെയാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നത്. പക്ഷേ പേജുകളിലൂടെ കടന്നു പോവുമ്പോൾ മുസ്‌ലിം രാജ്യങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന അന്താരാഷ്ട്ര പോരാട്ടങ്ങളെ യുക്തിവിരുദ്ധമായ രീതിയിൽ ഇന്ത്യൻ സാഹചര്യങ്ങളിലേക്ക് ചേർത്തുവായിക്കുന്ന നിരീക്ഷണങ്ങളാണ് ഇതിലടങ്ങിയിട്ടുള്ളത്. ഇസ്‌ലാമിക ഭീകരത എന്നുതന്നെയാണ് റിപ്പോർട്ടിൽ ഉടനീളം പരാമർശിക്കുന്നത്. ഇന്ത്യൻ മുസ്‌ലിമിനെയും അന്താരാഷ്ട്ര ഇസ്‌ലാമിനെയും അതിൽ തന്നെ ഇന്ത്യയിലെ ഒറ്റപ്പെട്ട ഗ്രൂപ്പുകളെയും അന്താരാഷ്ട്ര ഇസ്‌ലാമിൽ ഉള്ള ജിഹാദിനെയും ഇല്ലാത്ത ജിഹാദിനെയുമൊക്കെ അവസരോചിതമായി തള്ളിയും സ്വീകരിച്ചുമൊക്കെ ഉണ്ടാക്കിയ ഒരു 'കണ്ടംബെച്ച കോട്ട്' മാത്രമാണ് മൊയ്‌ലി തയാറാക്കിയത്. ഭീകരതയുടെ ഇന്ത്യൻ യാഥാർഥ്യങ്ങൾക്ക് ഇസ്രയേലുമായും അമേരിക്കയുമായും ഹിന്ദുത്വ ദുശ്ശക്തികളുമായും അടുത്ത ബന്ധമുണ്ടെന്ന സമീപകാല കണ്ടെത്തലുകൾ പിൻകാലപ്രാബല്യത്തിൽ എഴുതിത്തള്ളാൻ സഹായിക്കുന്നതുകൊണ്ട് ബി.ജെ.പി ഇതിനെ ജനശ്രദ്ധയിലേക്ക് വലിച്ചിഴക്കുകയും ചെയ്യുന്നു. ■